(ഡി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട് സ്കൂളുകളിൽ എന്തൊക്കെ മെച്ചപ്പെട്ട സേവനങ്ങൾ ഏർപ്പെടുത്താൻ കഴിയും ;

(ഇ) അവികസിത മേഖലയായ ഇടുക്കി ജില്ലയിൽ നിന്നും കൂടുതൽ സ്കൂളുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ സ്കീമുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ-എഫ്) സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക

98 (5173) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കല, കായികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് സെക്കന്ററി തലത്തിൽ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന ആശ്വാസ് എന്ന പുതിയ പദ്ധതി (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി), കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്ട്സ് സ്കൂളിലേയും കണ്ണൂർ സ്പോർട്ട്സ് ഡിവിഷനു കീഴിലെ ജി.വി.എച്ച്.എസ് സ്പോർട്ട്സ് സ്കൂളിലെയും അടിസ്ഥാന സൗകര്യ വികസനം (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി) എന്നിവയാണ് പൊതു വിദ്യാഭ്യാസ വകുപ്പിൽ 2014-15-ൽ ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ.

പ്രസ്തുത രണ്ട് പദ്ധതികളും ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികളായതിനാൽ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly